# Athmaraksha.org

കുടുംബപ്രാർത്ഥനകൾ

## തിരുഹൃദയത്തോടുള്ള പ്രതിഷ്ഠാജപം-Sacred heart



### തിരുഹൃദയത്തോടുള്ള പ്രതിഷ്ഠാജപം

ഈശോയുടെ തിരുഹൃദയമേ ഈ കുടുംബത്തെയും ഞങ്ങളെ ഓരോരുത്തരേയും ഞങ്ങൾ അങ്ങേയ്ക്ക് പ്രതിഷ്ഠിക്കുന്നു. ഞങ്ങളുടെ ഈ കുടുംബത്തിൽ അങ്ങ് രാജാവായി വാഴണമെ. ഞങ്ങളുടെ പ്രവൃത്തികളെല്ലാം അങ്ങുതന്നെ നിയന്ത്രിക്കണമേ. ഞങ്ങളുടെ ഉദ്യമങ്ങളെല്ലാം ആശീർവദിക്കുകയും ഞങ്ങളുടെ സന്തോഷങ്ങൾ വിശുദ്ധീകരിക്കുകയും സങ്കടങ്ങളിൽ ആശ്വാസം നൽകുകയും ചെയ്യണമേ. ഞങ്ങളിൽ ആരെങ്കിലും അങ്ങയെ ഉപദ്രവിക്കാനിടയായാൽ ഞങ്ങളോട് ക്ഷമിക്കണമേ. ഈ കുടുംബത്തിലുള്ളവരേയും ഇവിടെ നിന്ന് അകന്നിരിക്കുന്നവരെയും സമൃദ്ധമായി അനുഗ്രഹിക്കണമെ. (മരിച്ചുപോയ ഞങ്ങളുടെ കുടുംബാംഗങ്ങളെ നിത്യഭാഗ്യത്തിലേക്ക് പ്രവേശിപ്പിക്കണമേ). അങ്ങയെ കണ്ടാനന്ദിക്കുവാൻ സ്വർഗ്ഗത്തിലെത്തുന്നതുവരെ ആത്മീയവും ശാരീരികവുമായ എല്ലാ വിപത്തുകളിലുംനിന്ന് ഞങ്ങളെ കാത്തുകൊള്ളണമേ.

മറിയത്തിന്റെ വിമലഹൃദയവും മാർ യൗസേപ്പിതാവും ഞങ്ങളുടെ പ്രതിഷ്ഠയെ അങ്ങേക്ക് സമർപ്പിക്കുകയും ജീവിതകാലം മുഴുവനും ഇതിന്റെ സജീവസ്മരണ ഞങ്ങളിൽ നിലനിർത്തുകയും ചെയ്യട്ടെ.

ഈശോമിശിഹായുടെ തിരുഹൃദയമേ
ഞങ്ങളെ അനുഗ്രഹിക്കണമേ.
മറിയത്തിന്റെ വിമല ഹൃദയമേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
വി.യൗസേപ്പിതാവേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
വി.ഫ്രാൻസീസ് അസ്സീസ്സി
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
വി.മാർഗ്ഗരീത്താ മറിയമേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## തിരുവചനങ്ങൾ

ഞാനാണു കർത്താവ് എന്നു ഗ്രഹിക്കുന്നതിനായി ഞാൻ അവർക്കു ഹൃദയം നൽകും. അവർ എന്റെ ജനവും ഞാൻ അവരുടെ ദൈവവുമായിരിക്കും. അവർ പൂർണഹൃദയത്തോടെ എന്റെ അടുക്കലേക്കു തിരിച്ചുവരും (ജറെമിയ 24:7).

ഹൃദയം നുറുങ്ങിയവർക്കു കർത്താവ് സമീപസ്ഥനാണ്; മനമുരുകിയവരെ അവിടുന്നു രക്ഷിക്കുന്നു (സങ്കീർത്തനങ്ങൾ 34:18).

ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ, നിങ്ങൾക്ക് ആശ്വാസം ലഭിക്കും (മത്തായി 11:29).




1. ജീവിത അന്തസ്സിനു അനുയോജ്യമായി ജീവിക്കാൻ ആവശ്യമായ ക്രപ നൽകും

2. അവരുടെ കുടുംബങ്ങളിൽ സമാധാനം സ്ഥാപിക്കും

3. എല്ലാ ക്ലേശങ്ങളിലും ഞാൻ അവരെ ആശ്വസിപ്പിക്കും

4. ജീവിതകാലത്തും പ്രത്യേകിച്ച് മരണസമയത്തും ഞാൻ അവർക്ക് ആശ്രയമായിരിക്കും

5. അവരുടെ ഏല്ലാ പ്രയത്നങ്ങളെയും ഞാൻ ആശീർവദിക്കും

6. പാപികൾ ഏന്റെ ഹ്രദയത്തിൽ അനന്തമായ സമാധാനത്തിന്റെയും, കാരുണ്യത്തിന്റെയും സമുദ്രം ദയാസാദരം കണ്ടെത്തും

7. മന്ദോഷ്ണർ തീഷ്ണത പ്രാപിക്കും

8. തീഷ്ണതയുള്ളവർ വിശുദ്ധിയിലും പുണ്യപൂർണ്ണതയിലും അതിവേഗം പുരോഗതി പ്രാപിക്കും

9. തിരുഹ്രദയചിത്രം പ്രതിഷ്ഠിച്ച് വണങ്ങുന്ന സ്ഥലങ്ങളെ ആശീർവദിക്കും

10. പുരോഹിതർക്ക് കഠിന ഹ്രദയങ്ങളെ സ്പർശിച്ച് മാനസാന്തരം നൽകാനുള്ള ക്രപ നൽകും

11. ഈ ഭക്തി പ്രചരിപ്പിക്കുന്നവരുടെ പേരുകൾ എന്റെ ഹ്രദയത്തിൽ ഞാൻ എഴുതും

12. 9 ആദ്യവെള്ളിയാഴ്ച വി.കുർബ്ബാന സ്വീകരിച്ച് പ്രാർഥിക്കുന്നവർ പാപത്തിൽ മരിക്കാൻ ഞാൻ അനുവദിക്കുകയില്ല. എന്റെ ഹ്രദയം അവർക്ക് അഭയസ്ഥാനമായിരിക്കും.

www.athmaraksha.org